LIBRARY ARCHIVES Kerala Legislative Assembly

ഭക്ഷ്യസംസ്കരണ പരിശീലന പദ്ധതിക്ക് അപേക്ഷകൾ

19 [5575] ശ്രീ. ഇസ്ഹാക്ക് കുരിക്കൾ:
,, കെ. കുട്ടി അഹമ്മദ് കുട്ടി:
,, ഇ. ടി. മുഹമ്മദ് ബഷീർ:
,, ടി. പി. എം. സാഹിർ:
,, സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാരിന്റെ ഭക്ഷ്യസംസ്കരണ പരിശീലനവുമായി ബന്ധപ്പെട്ട പദ്ധതിക്ക് കിൻഫ്രയിലൂടെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്;

(ബി) ഇവയുടെ ജില്ലാ അടിസ്ഥാനത്തിലുള്ള കണക്ക് വ്യക്തമാക്കാമോ;

(സി) പദ്ധതി പ്രകാരം പഴം സംസ്കരണ പരിശീലന വിപണന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി) കേന്ദ്ര സർക്കാരിന്റെ ഭക്ഷ്യസംസ്കരണ പരിശീലനവുമായി ബന്ധപ്പെട്ട പദ്ധതിക്ക് കിൻഫ്രയിൽ എട്ട് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇവയുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

	ജില്ല		എണ്ണം
1.	തിരുവനന്തപുരം	..	3
2.	കൊല്ലം	..	1
3.	പത്തനംതിട്ട	..	1
4.	ആലപ്പുഴ	..	1
5.	എറണാകുളം	..	1
6.	മലപ്പുറം	..	1
	ആകെ	..	8

(സി) കേന്ദ്ര സർക്കാർ പദ്ധതി പ്രകാരം പഴം സംസ്കരണ പരിശീലന വിപണന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനായി കിൻഫ്രയിൽ അപേക്ഷകൾ ഒന്നുംതന്നെ ലഭിച്ചിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.